SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-24/09/2023.

1. കേരളത്തിലെ ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ധർക്ക് തങ്ങളുടെ സാങ്കേതിക വിദ്യകൾ പ്രദർശിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നതിനും അറിവ് പങ്കുവയ്ക്കുന്നതിനും ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞരുമായി ആശയവിനിമയം നടത്തുന്നതിനും പൊതുജനങ്ങൾക്ക് സാങ്കേതികവിദ്യകൾ കാണുന്നതിനും ഭൗതിക സ്വത്തവകാശ നിയമത്തെക്കുറിച്ചും ബന്ധപ്പെട്ട വിവരങ്ങളെക്കുറിച്ച് ഗ്രാമീണ ഗവേഷകർക്ക് അറിവ് നൽകുന്നതിനുമായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഗ്രാമീണ ഗവേഷക സംഗമം (RIM) 2023 നവംബർ 17, 18 തീയതികളിലായി തൃശ്ശൂർ കേരള വന ഗവേഷണ സ്ഥാപനം പീച്ചിയിൽ വച്ച് നടത്തുന്നു. ഇതോടനുബന്ധിച്ച് മികച്ച ഗ്രാമീണ സാങ്കേതികവിദ്യ കണ്ടെത്തുന്നതിനുള്ള മത്സരം, വ്യക്തികൾ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ, മറ്റു സർക്കാരേതര സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്ത ലളിതവും പ്രായോഗികവുമായ സാങ്കേതികവിദ്യകൾ, കൃഷി രീതികൾ, ശാസ്ത്രീയ ഗവേഷണ ഉത്പന്നങ്ങൾ എന്നിവ മത്സരത്തിന് പരിഗണിക്കുന്നതാണ്. ഗ്രാമീണ ഗവേഷക സംഗമം (RIM) 2023 ൽ പങ്കെടുക്കുന്ന സംരംഭകത്വ സാധ്യതയുള്ള പരമാവധി 10 സാങ്കേതികവിദ്യകൾക്ക് സംരംഭകത്വത്തിലേക്ക് വേണ്ടുന്ന സാമ്പത്തിക സഹായം, സാങ്കേതിക സഹായം കേരള സ്റ്റാർട്ടപ്പ് മിഷൻ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSIDC) എന്നീ സ്ഥാപനങ്ങൾ വഴി നൽകുന്നതാണ്. മത്സര വിജയികൾക്ക് മുഖ്യമന്ത്രിയുടെ റൂറൽ ഇന്നവേഷൻ അവാർഡുകൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2548230, 2548231, 6282060950 എന്നീ ഫോൺ നമ്പറുകളിലോ sherin.kscste@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക. അപേക്ഷകൾ ഓൺലൈനായി ഈ മാസം 25 നുള്ളിൽ www.kscste.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷിക്കേണ്ടതാണ്.

2. വെള്ളാനിക്കര കാർഷിക കോളേജിലെ ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രത്തിൽ മാവ്, പ്ലാവ്, കവുങ്ങ്, നാരകം, പാഷൻഫ്രൂട്ട്, അരിനെല്ലി, ആത്തച്ചക്ക, കറിവേപ്പ്, കുരുമുളക്, കുടംപുളി, പേര തൈ എന്നീ മുന്തിയ ഇനം ഫലവൃക്ഷങ്ങളുടെയും പച്ചക്കറികളുടെയും നടീൽ വസ്തുക്കളും ട്രൈക്കോഡെർമ

മലയാളം മിഷൻ നല്ലൂര്യോ, തിരുവനന്തപുരം

സമ്പുഷ്ടീകരിച്ച ആട്ടിൻകാഷ്ഠവളം, മണ്ണിര കമ്പോസ്റ്റ്, ജൈവവളങ്ങളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 8547760030 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"ഹൈടെക് കൃഷി"** വിഷയത്തിൽ തയ്യാറാക്കിയ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2023 ഒക്ടോബർ 03 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ 2023 ഒക്ടോബർ 02 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 25 ദിവസം ദൈർഘ്യമുള്ള കോഴ്സ് മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പതിനൊന്ന് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥി കമ്പ്യൂട്ടർ അല്ലെങ്കിൽ മൊബൈൽ ഫോണിൻറെ സഹായത്തോടെ പഠിക്കാവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിൽ രജിസ്റ്റർ ചെയ്ത് ഒക്ടോബർ 03 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

4. മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലികൾ കേന്ദ്രത്തിലെ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ്, പുളി എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും 01/10/ 2023 മുതൽ 30/09/2024 വരെയുള്ള ഒരു വർഷകാലയളവിൽ ആദായം എടുക്കുവാനുള്ള അവകാശം 25/09/2023ന് പകൽ 12 മണിക്ക് ഈ ഓഫീസിൽവച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ആയിരം രൂപ നിരത ദ്രവ്യം അടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. സർക്കാരിന്റെ എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിൽ ബാധകമായിരിക്കും. ലേലദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ അടുത്ത പ്രവർത്തി ദിവസം ഇതേസമയം ലേലം നടത്തുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഫാം ഓഫീസുമായി 0471 - 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. സ്കൂൾ വിദ്യാർത്ഥികൾക്ക് പച്ചപുൽച്ചാടികളായി കൃഷിയിടത്തിൽ കളിച്ചുല്ലസിക്കാൻ ഒരു ദിനം തൃശ്ശൂർ, വെള്ളാനിക്കര കേരള കാർഷിക സർവകലാശാല കൃഷി വിജ്ഞാനകേന്ദ്രം (കെ വി കെ) ഒരുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന നമ്പറിൽ ബന്ധപ്പെടുക.

6. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ (കെയ്കോ) കീഴിൽ കൊല്ലം ജില്ലയിലെ പുനലൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ (എ.ഐ.ടി.ഐ) സർക്കാർ അംഗീകാരമുള്ള ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചറൽ മെഷീനറീസ് എന്ന രണ്ട് വർഷത്തെ കെ.ജി.സി.ഇ കോഴ്സിലേയ്ക്ക് അഡ്മിഷൻ തുടരുന്നു. ആധുനിക കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും, ആധുനിക കൃഷി രീതികൾ നടപ്പിലാക്കുന്നതിനുമുള്ള പരിശീലനം ഈ കെ.ജി.സി.ഇ കോഴ്സ് -ലൂടെ ലഭ്യമാകുന്ന രീതിയിലാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 0475-2229448, 9567827344, 9847882327 എന്നീ നമ്പറുകളിലോ, www.polyadmission.org/kgce എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

**പരിശീലന പരിപാടി**

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന് വളമിടുന്നതിൽ സെപ്റ്റംബർ 26ന് കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് പരിശീലനം നൽകുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം